"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് ലൈഫ് ഗുണഭോക്താവിന് നല്കിയ തുക സർക്കാർ സോഴ്സ് ഹെഡിലേക്ക് പോയതിനാൽ തുക പുനരനുവദിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1897/2025/LSGD തീയതി,തിരുവനന്തപുരം, 01-08-2025

---

പരാമർശം:-

1. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05/12/2024- തീയതിയിലെ കത്തും കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15/06/2024-ലെ 1-ാം നമ്പർ തീരുമാനവും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ 24/6/2024-ലെ 4.19 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താവായ ശ്രീമതി. സൈനബാഖാൻ, മങ്കര, ചോറ്റി എന്ന വ്യക്തിക്ക് ജില്ലാപഞ്ചായത്ത് വിഹിതമായി നല്കിയ 40,000/- രൂപ ബാങ്ക് അക്കൗണ്ടിലെ തകരാറുമൂലം വ്യക്തിയുടെ അക്കൗണ്ടിൽ ലഭിക്കാതെ സർക്കാരിന്റെ സോഴ്സ് അക്കൗണ്ടിലേക്ക് വരവുവച്ചു. ഈ തുക പുനരനുവദിക്കുന്നതിന് അനുമതി നല്കണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ പരിശോധിച്ചു.

ഈ തുക സർക്കാർ സോഴ്സ് ഹെഡിലേക്കാണ് വരവ് വച്ചതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് വാങ്ങിയതിനുശേഷം അർഹതപ്പെട്ട 40,000/- ( നാൽപതിനായിരം രൂപ മാത്രം) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം ജില്ല.

സെക്രട്ടറി, കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി. (3209994)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 01-08-2025 13:14:53
സെക്ഷൻ ഓഫീസർ.